ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാരത്താലും
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
**മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കോസ്**
**മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് ബാവായിൽ**
നിന്നും നമ്മുടെ അധികാരത്തിൻകീഴിലുള്ള മേൽപ്പട്ടക്കാർക്കും
കോർഎപ്പിസ്ക്കോപ്പാമാർക്കും റമ്പാന്മാർക്കും പട്ടക്കാർക്കും
ശെമ്മാശ്ശഗണത്തിനും സന്യസ്തർക്കും വിശ്വാസികളേവർക്കും വാഴ്വ്.

Prot No CPL 3/2025

*സ്വയംഭൂവും സർവ്വശക്തനും ആദ്യന്തമില്ലാത്തവനും*
*സാരാംശത്തിൽ സമത്വമുള്ളവനുമായ ത്രീയേക ദൈവത്തിനു സ്തുതി.*

# മിഷൻ ഞായർ 2025

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, റമ്പാന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ,

2025 ഒക്ടോബർ 19-ന് ആഗോള കത്തോലിക്കാ സഭ മിഷൻ ഞായർ ആചരിക്കുകയാണല്ലോ. ഈയവസരത്തിൽ ഒരു മിഷനറി സഭയായ മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ വിശ്വാസ സമൂഹത്തെ മുഴുവനേയും നവമായ ഒരു മിഷനറി ചൈതന്യത്തിലേക്ക് ക്ഷണിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. സുവിശേഷത്തിന്റെ ഹൃദയത്തെയും ആദിമസഭയുടെ ആത്മാവിനെയും പ്രതിധ്വനിപ്പിക്കുന്ന ഒന്നാണ് മിഷനറി ചൈതന്യം. കർത്താവായ യേശു തന്റെ സ്വർഗ്ഗാരോഹണത്തിന് മുമ്പ് ഈ മഹത്തായ നിയോഗം സഭയ്ക്കു നൽകി. "ആകയാൽ നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യരാക്കുക" (മത്താ 28:19). വാക്കിലും പ്രവൃത്തിയിലും സുവിശേഷത്തിന് സാക്ഷ്യം വഹിക്കാൻ വിളിക്കപ്പെട്ട സഭയിലെ അംഗങ്ങളായതിനാൽ, സുവിശേഷവത്ക്കരണം മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ സുപ്രധാന കടമയാണ്.

സഭ സ്ഥാപിതമായിരിക്കുന്നത് സുവിശേഷവത്ക്കരിക്കാനാണ് എന്ന് രണ്ടാം വത്തിക്കാൻ കൗൺസിലും സമകാലിക സഭാപ്രബോധനങ്ങളും ആവർത്തിച്ച് പറഞ്ഞിട്ടുണ്ട്. ജ്ഞാനസ്നാനത്താൽ തന്നെ, ദൈവജനത്തിലെ എല്ലാ അംഗങ്ങളും മിഷനറി ശിഷ്യന്മാരായി മാറിയിരിക്കുന്നു (EG 120) എന്നാണ് സുവിശേഷത്തിന്റെ ആനന്ദം

എന്ന അപ്പസ്തോലികാഹ്വാനത്തിൽ ദിവംഗതനായ പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ നമ്മെ ഓർമ്മിപ്പിച്ചത്. സുവിശേഷവൽക്കരണം ഏതാനും ചിലർക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്ന ഒരു ഐച്ഛികവിഷയമല്ല; അത് മുഴുവൻ സഭയുടെയും - മെത്രാൻമാർ, പുരോഹിതന്മാർ, അത്മായ വിശ്വാസികൾ - എന്നിവരുടെയെല്ലാം കൂട്ടുത്തരവാദിത്തമാണ്. ചുരുക്കത്തിൽ, ലോകമിഷൻ ഞായർ എന്നത് ഓരോ വിശ്വാസിയെയും ക്രിസ്തുവിന് സാക്ഷികളാകാൻ ക്ഷണിക്കുന്ന ഒരു ദിനമാണ്. സ്നേഹത്തോടെ ഭരമേൽപ്പിച്ച ദൗത്യം ജീവിക്കുന്നതിലൂടെയും പ്രാർത്ഥനയിൽ അധിഷ്ഠിതമായ ഒരു ജീവിതം നയിക്കുന്നതിലൂടെയും ഈ ദൗത്യം നിറവേറ്റാൻ കഴിയുമെന്ന് ദിവംഗതനായ ഫ്രാൻസിസ് മാർപാപ്പ നമ്മെ ഓർമ്മിപ്പിക്കുന്നു.

യുദ്ധം, അക്രമം, അനീതി എന്നിവയാൽ മുറിവേറ്റ ഒരു ലോകത്തെക്കുറിച്ച് പരിശുദ്ധ ലെയോ പതിനാലാമൻ മാർപ്പാപ്പ സംസാരിക്കുന്നു, സുവിശേഷത്തിന്റെ സ്നേഹം, സമാധാനം, അനുരഞ്ജനം എന്നിവയുടെ സന്ദേശം അടിയന്തിരമായി കേൾക്കേണ്ടതുണ്ട്. നമ്മുടെ കാലത്തെ വെല്ലുവിളികൾക്ക് പുതിയ വഴികൾ ആവശ്യമാണെന്ന് പരി. പിതാവ് ഊന്നിപ്പറയുന്നു. അതിനാൽ മിഷനറിമാർക്കും സുവിശേഷവൽക്കരണത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്കും അറിവിൽ മാത്രമല്ല, ആത്മീയതയിലും മാനവികതയിലും ഉറച്ച രൂപീകരണം ആവശ്യമാണ്. സുവിശേഷീകരണം നടത്തുന്നവർ സ്വയം സുവിശേഷീകരിക്കപ്പെടണമെന്ന് മാർപാപ്പ ആഹ്വാനം ചെയ്യുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഈ ദൗത്യത്തിന് തുടർച്ചയായ വ്യക്തിപരമായ പരിവർത്തനം, ആത്മപരിശോധന, ഇവ വഴി ക്രിസ്തു നമ്മെ രൂപാന്തരപ്പെടുത്താൻ അനുവദിക്കുക എന്നിവ ഉൾപ്പെടുന്നു, അങ്ങനെ നമ്മുടെ സാക്ഷ്യം ആധികാരികമാകും.

നമുക്ക് ചുറ്റുമുള്ള ലോകം അതിവേഗം മാറിക്കൊണ്ടിരിക്കുന്നു. വിശ്വാസത്തോടുള്ള നിസ്സംഗത, സാംസ്കാരിക മാറ്റങ്ങൾ, കപട മതേതരത്വം എന്നിവ സുവിശേഷവത്ക്കരണത്തിന് പുതിയ വെല്ലുവിളികൾ മാത്രമല്ല പുതിയ അവസരങ്ങളും സൃഷ്ടിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ, മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ മിഷനറി പ്രതിബദ്ധത കൂടുതൽ ശക്തമായി വളരണം. പൗരസ്ത്യ പൈതൃകത്തിൽ വേരൂന്നിനിന്നു കൊണ്ട് ഊർജ്ജസ്വലമായ പ്രഘോഷണത്തിലുടേയും സാക്ഷ്യത്തിലൂടെയും സേവനത്തിലൂടെയും ഈ മിഷനറി ചൈതന്യം നാം പ്രകടിപ്പിക്കണം. സുവിശേഷദൗത്യം നമ്മുടെ വീട്ടിൽ നിന്ന് ആരംഭിക്കേണ്ടതാണ്. തുടർന്ന് മറ്റ് കുടുംബങ്ങളിലേക്കും, അയൽപക്കങ്ങളിലേയ്ക്കും വ്യാപിച്ച് നമ്മുടെ ഇടവകകളുടെ അതിരുകളും ഭേദിച്ച് വിശാലമായ ലോകത്തേക്ക്, പ്രത്യേകിച്ച് ക്രിസ്തുവിനെ ഇതുവരെ കണ്ടുമുട്ടിയിട്ടില്ലാത്തവരിലേക്ക് വ്യാപിക്കുന്നു എന്ന് ഉറപ്പു

വരുത്തണം. “ജറുസലേമിൽ മാത്രമല്ല, യൂദയായിലും, സമറിയായിലും ലോകത്തിന്റെ അതിർത്തികൾവരെ സുവിശേഷസാക്ഷ്യമാകാനാണ്” (അപ്പ. 1:8) നമ്മുടെ വിളി. വൈദികരെയും സന്യസ്തരേയും പോലെ ഇക്കാര്യത്തിൽ അല്മായർക്ക് പ്രധാനവും മാറ്റാനാകാത്തതുമായ പങ്കാണ് ഉള്ളത്. വിശ്വാസികൾ അവരുടെ ജ്ഞാനസ്നാനത്തിലൂടെ ക്രിസ്തുവിന്റെ സുവിശേഷ ദൗത്യത്തിൽ പങ്കുചേരുകയും ജീവിതത്തിന്റെ എല്ലാ മേഖലകളിലും - ജോലിസ്ഥലങ്ങൾ, സ്കൂളുകൾ, സമൂഹികയിടങ്ങൾ, ഡിജിറ്റൽ ഇടങ്ങൾ - സാക്ഷികളാകാൻ വിളിക്കപ്പെട്ടിരിന്നു.

നമ്മുടെ ഇടവകകൾ ആരാധനയുടേയും കൂട്ടായ്മയുടേയും സ്ഥലം മാത്രമല്ല, മിഷനറി പഠനത്തിന്റെയും പ്രവർത്തനത്തിന്റെയും കേന്ദ്രങ്ങളാണ്. അതിനാൽ, ഈ മിഷൻ ഞായറാഴ്ച, എല്ലാ വിശ്വാസികളോടും സഭയുടെ ഈ ദൗത്യത്തിനായി സ്വയം സമർപ്പിക്കാൻ ഞാൻ ആഹ്വാനം ചെയ്യുന്നു. നിഷ്ക്രിയ നിരീക്ഷകരായിട്ടല്ല, മറിച്ച് സന്തോഷത്തോടും ബോധ്യത്തോടും കൂടി സുവിശേഷം പ്രഘോഷിക്കുന്ന സജീവ സുവിശേഷകരായി മാറുന്നതിലൂടെ നമുക്ക് യഥാർത്ഥ സുവിശേഷകരായി മാറാം. സുവിശേഷം പ്രഘോഷിക്കാത്ത ഒരു സഭയ്ക്ക് അധോഗതിയേ ഉണ്ടാവു എന്ന് തിരിച്ചറിഞ്ഞ ധന്യൻ മാർ ഇവാനിയോസ് പിതാവിന്റെ ദർശനം നമുക്ക് മാർഗ്ഗദർശനമാണ്. മൺമറഞ്ഞു പോയ എല്ലാ മിഷനറിമാരേയും അനുസ്മരിക്കുകയും, ഇന്നത്തെ മിഷനറിമാരെ സഹായിക്കുകയും പ്രോത്സാഹിപ്പിക്കുയും ചെയ്യുന്ന മിഷൻ തീക്ഷ്ണതയിൽ നമുക്ക് നിറയാം. മിഷൻ ഞായറിലെ സ്തോത്രകാഴ്ച തിരുസഭയുടെ വിവിധ മിഷൻ ആവശ്യങ്ങൾക്കായി ഉപയോഗിക്കുവാൻ തിരുസിംഹാസനത്തിൽ നമ്മൾ ഏൽപ്പിക്കുകയാണ്. ഇതിലേക്കായി ഉദാരമായി സംഭാവന ചെയ്യുവാൻ ഏവരേയും ഞാൻ സ്നേഹപൂർവം ആഹ്വാനം ചെയ്യുന്നു.

മിഷൻ ഞായറുമായി ബന്ധപ്പെട്ട് ഒരു പ്രത്യേക സംരംഭം നമ്മുടെ സഭയിൽ ആരംഭിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്. മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ സുവിശേഷവത്ക്കരണത്തിനായുള്ള സിനഡൽ കമ്മീഷന്റെ നേതൃത്വത്തിൽ പരിശീലനം നല്കിയ അല്മായ മിഷനറിമാർ രണ്ടുപേർ ചേർന്ന് ഒക്ടോബർ 19, 2025-ലെ മിഷൻ ഞായറാഴ്ചയും തുടർന്നു വരുന്ന ഞായറാഴ്ചകളിലും നമ്മുടെ സഭയിലെ ഇടവകകൾ സന്ദർശിക്കുന്നതാണ്. മിഷനറി വിളിയെക്കുറിച്ചുള്ള അവരുടെ സാക്ഷ്യം, മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ മിഷനറി മുന്നേറ്റം, ഇന്നത്തെ സഭയുടെ മിഷനറി സ്വഭാവം, ദൈനംദിന ജീവിതത്തിലെ വ്യക്തിപരമായ സാക്ഷ്യം, മിഷൻ ദൗത്യത്തിൽ അല്മായരുടെ പങ്കാളിത്തത്തിനുള്ള അവസരങ്ങൾ, സഭയുടെ സുവിശേഷ പ്രവർത്തനങ്ങളെ

പിന്തുണയ്ക്കുന്നതിനുള്ള മൂർത്തമായ വഴികൾ തുടങ്ങിയവയെ മുൻനിർത്തി 20-25 മിനിറ്റ് ദൈർഘ്യമുള്ള പങ്കുവയ്ക്കൽ നടത്തുന്ന താണ്. 2015 മുതൽ നമ്മുടെ സഭയിലൂടെ നടത്തപ്പെടുന്ന മിഷനറി മുന്നേറ്റം നമ്മുടെ സഭയ്ക്ക് വലിയ പ്രതീക്ഷ നൽകുന്നതാണ്. ഒരു മിഷണറി അവബോധം നമ്മുടെ സഭയിൽ ആകമാനം രൂപപ്പെടാൻ ഈ സംരംഭം സഹായിക്കുമെന്ന് ഞാൻ പ്രത്യാശിക്കുന്നു.

നമ്മുടെ എല്ലാ ബഹു. ഇടവക വികാരിമാരും ഇടവകയിലെ വിശുദ്ധ കുർബാനയ്ക്കുശേഷം കൈമുത്തിനുമുമ്പായി ഈ അല്മായ പ്രേഷിതർക്ക് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്, വിശ്വാസികളെ മുൻകൂട്ടി അറിയിക്കുകയും പൂർണ്ണപങ്കാളിത്തം പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതാണ്. 2025-ലെ മിഷൻ ഞായറാഴ്ച നാം ആഘോഷിക്കുമ്പോൾ, സുവിശേഷത്തിന്റെ സന്തോഷത്താലും പരിശുദ്ധാത്മാവിന്റെ അഗ്നിയാലും നാം നിറയട്ടെ. ഇത് മിഷനറി ഇടപെടലിനുള്ള ഒരു ഉത്തേജകമായിരിക്കട്ടെ. വിശുദ്ധ പൗലോസിന്റെ വാക്കുകൾ നമുക്ക് ഓർമ്മിക്കാം: “ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്ക് ദുരിതം!” (1 കോരി. 9:16). നമ്മുടെ ഇടവകകൾ മിഷനറി സാക്ഷ്യത്തിന്റെ ഊർജ്ജസ്വലമായ കേന്ദ്രങ്ങളായി മാറട്ടെ, നാമെല്ലാവരും ഈ ലോകത്തിൽ ദൈവത്തിന്റെ സ്നേഹത്തിന്റെയും കരുണയുടെയും ഉപകരണങ്ങളായി മാറട്ടെ. സുവിശേഷവൽക്കരണത്തിന്റെ നക്ഷത്രവും ആദ്യ മിഷനറിയുമായ പരിശുദ്ധ ദൈവമാതാവിന്റെയും, നമ്മുടെ കാവൽ പിതാവായ മാർത്തോമ്മാശ്ലീഹായുടേയും, ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെയും മധ്യസ്ഥതയ്ക്ക് നമ്മുടെ മിഷനറി യാത്രയെ നമുക്ക് ഭരമേൽപ്പിക്കാം.

പിതാവായ ദൈവത്തിന്റെ സ്നേഹവും ഏകജാതനായ പുത്രന്റെ കൃപയും പരിശുദ്ധ റൂഹായുടെ സംസർഗവും ആവാസവും നിങ്ങളെ ല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ !

കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി,

+Baselios Cleemis

**✠ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് ബാവാ**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്.

കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം
07.10.2025

*N.B.: ഈ ഇടയലേഖനം 2025 ഒക്ടോബർ 19, ഞായറാഴ്ച വി. കുർബാന മദ്ധ്യേ നമ്മുടെ എല്ലാ പള്ളി കളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.*